# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :02.06.2023

## പത്രകുറിപ്പ്

## പൊതുതെളിവെടുപ്പ് - 2023 ജൂൺ 21ന്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഉപഭോക്താക്കളുടെ അവകാശ ചട്ടം 2020, വൈദ്യുതി ഉപഭോക്താക്കളുടെ അവകാശ ഭേദഗതി ചട്ടം, 2021 എന്നിവയുമായി ബന്ധപ്പെട്ട സപ്ളൈകോഡ് 2014, സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസ് 2015, സി.ജി.ആർ.എഫ് 2005, റിന്യൂവബിൾ എനർജി 2020 റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള പെറ്റീഷൻ (OP No. 23/2023) കമ്മീഷൻ മുൻപാകെ 2021 ഒക്ടോബർ 11, ന് സമർപ്പിച്ചിട്ടുണ്ട്. പെറ്റീഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകാര്യാർത്ഥം നേരിട്ടുള്ള ഒരു പൊതുതെളിവെടുപ്പ് 2023 ജൂൺ 21ന് കമ്മീഷന്റെ തിരുവനന്തപുരത്തുള്ള കോർട്ട് ഹാളിൽ രാവിലെ 11:00 മണിക്ക് നടത്തുന്നു. പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുത്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷൻ മുൻപാകെ സമർപ്പിക്കാം. കൂടാതെ തപാൽ മുഖേനയും, ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 2023 ജൂൺ 21ന്, 05:00 PM വരെ സ്വീകരിക്കും എന്ന് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറി